# മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകൾ

## ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ താഴെ പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3014-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

**4. റിപ്പോർട്ട് സമർപ്പണം**

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച തകഢ-ാം സബ്ജക്ട് കമ്മിറ്റിയുടെ 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി ബിൽ) എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ മുഖ്യമന്ത്രിയും സബ്ജക്ട് കമ്മിറ്റി തകഢ-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. ഉമ്മൻ ചാണ്ടിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി ക-ന്റെ അദ്ധ്യക്ഷനുമായ ഞാൻ 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റവന്യൂവും കയറും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി കക-ന്റെ അദ്ധ്യക്ഷനുമായ ഞാൻ 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി ഢകക-ന്റെ അദ്ധ്യക്ഷനുമായ ഞാൻ 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി ഢകകക-ന്റെ അദ്ധ്യക്ഷനുമായ ഞാൻ 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

**5. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :-**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, കേരളത്തെ ബാധിക്കുന്ന വളരെ ഗൗരവമേറിയ ഒരു വിഷയത്തെക്കുറിച്ചായിരുന്നു പരാമർശിക്കാൻ ഉദ്ദേശിച്ചത്. പക്ഷേ ഈ പശ്ചാത്തലത്തിൽ സംസാരിച്ചിട്ട് കാര്യമില്ല. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സിനെക്കുറിച്ച് ഒരു സ്റ്റഡി നടത്തിയിട്ടുണ്ട്. അത് ഈ സഭയുടെ അറിവിനു

വേണ്ടി ഇവിടെ സമർപ്പിക്കുകയാണ്. കൂടുതൽ പറയാനായിട്ട് ഒന്നുമില്ല. (ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന അനുബന്ധമായി ചേർത്തിരിക്കുന്നു)

**6. അനൗദ്യോഗികാംഗങ്ങളുടെ കാര്യം :-**

മി. സ്പീക്കർ: അനൗദ്യോഗികാംഗങ്ങളുടെ കാര്യം മാറ്റിവയ്ക്കുന്നു.

ഓർഡർ, ഓർഡർ.................സഭ ഇപ്പോൾ പിരിയുന്നതും 18-ാം തീയതി തിങ്കളാഴ്ച്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.14-ന് പിരിഞ്ഞു.)

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിഷയം : സംസ്ഥാന തൊഴിൽ വകുപ്പ് കുടിയേറ്റ തൊഴിലാളികളെക്കുറിച്ച് തയ്യാറാക്കിയ ഒരു പഠനറിപ്പോർട്ട് നിയമസഭാ ചട്ടം 300 പ്രകാരം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന്

കേരളത്തിൽ നിന്നും മദ്ധ്യേഷ്യൻ രാജ്യങ്ങളിലേയ്ക്കുള്ള അവിദഗ്ദ്ധ - അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കുടിയേറ്റത്തിന് 1970 കളിലാണ് തുടക്കം കുറിച്ചത്. കേരളത്തിൽ കുട്ടികളുടെ സാർവ്വത്രിക വിദ്യാഭ്യാസവും സ്ക്കൂൾ പ്രവേശനവും തുടർ വിദ്യാഭ്യാസവും തൊഴിൽ മേഖലയിലേയ്ക്ക് യുവാക്കളെ ലഭിക്കുന്നതിന് തടസ്സങ്ങളായിട്ടുണ്ട്. ഇതിനു പുറമേ കൃഷി, നിർമ്മാണം തുടങ്ങിയ മേഖലകളിലേയ്ക്ക് യുവാക്കൾ പ്രകടിപ്പിക്കുന്ന താല്പര്യക്കുറവും തൊഴിൽ മേഖലയ്ക്ക് അവിദഗ്ദ്ധ-അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ കാര്യമായ ലഭ്യതക്കുറവിന് ഇപ്പോൾ കാരണമായിട്ടുണ്ട്. ഇപ്രകാരം ഉണ്ടാകുന്ന തൊഴിലാളി ദൗർലഭ്യം ഇപ്പോൾ പ്രധാനമായും നിക

ത്തപ്പെടുന്നത് 1990 മുതൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ഇന്ത്യാക്കാരായ തൊഴിലാളികളിലൂടെയാണ്. ഇവരുടെ സാന്നിദ്ധ്യം ഇപ്പോൾ സംസ്ഥാനത്തെ മിക്ക തൊഴിൽ മേഖലകളിലും കാണാവുന്നതാണ്.

തദ്ദേശീയരായ കുടിയേറ്റ തൊഴിലാളികൾ (ഊീലൈശേര ങശഴൃമിേ ഘമയീൗൃലൃ) ഇന്ന് കേരളത്തിൽ ശ്രദ്ധിക്കപ്പെടുന്നതും തൊഴിൽ രംഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതും കേരളത്തിന്റെ സമ്പദ്ഘടനയെ സ്വാധീനിക്കുന്നതുമായ ഒരു വിഷയം കൂടി ആയി മാറിയിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം പഠന വിധേയമാക്കുവാൻ സംസ്ഥാന തൊഴിൽ വകുപ്പ് തീരുമാനിച്ചിരുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്. 2012 ഒക്ടോബറിൽ ആരംഭിച്ച പഠനം ഇപ്പോൾ പൂർത്തീകരിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ തൊഴിൽ ചെയ്യുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ സംബന്ധിക്കുന്ന വിവിധങ്ങളായ വിഷയങ്ങളെയും അവർ നേരിടുന്ന പ്രശ്നങ്ങളേയും സംബന്ധിച്ച് പുറം ലോകത്തെ അറിയിക്കുന്നതിന് ഉതകുന്ന വിലപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട്. ഇത് പ്രധാനമായും വെളിച്ചത്തുകൊണ്ടുവരുന്നത് ഇവർ ഏത് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്, ഏതെല്ലാം സ്ഥലങ്ങളിൽ അവർ പണിയെടുക്കുന്നു, അവരുടെ കേരളത്തിലെ താമസ കാലയളവ്, ഏതുതരം തൊഴിൽ ലക്ഷ്യം വച്ചാണ് വന്നിട്ടുള്ളത്, തൊഴിൽ സ്വഭാവം, കരാർ രീതി, ലഭിക്കുന്ന കൂലി, നാട്ടിലേയ്ക്കയക്കുന്ന തുകയും അയയ്ക്കുന്ന രീതിയും എന്നിവയാണ്. ഈ പഠനവും കണ്ടെത്തലുകളും കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യവും മതപരവുമായ പശ്ചാത്തലം, തൊഴിൽ-താമസ സാഹച

ര്യം, സാമൂഹ്യസുരക്ഷ, താമസത്തിനും ഭക്ഷണത്തിനും ആരോഗ്യപരിപാലനത്തിനും ലഭ്യമായ സൗകര്യങ്ങൾ, കുടിയേറ്റ തൊഴിലാളികളും പ്രദേശവാസികളായ തൊഴിലാളികളുമായുള്ള ഇടപഴകലും ബന്ധവും എന്നിവയെ മനസ്സിലാക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ പഠനങ്ങളുടെ ഫലമായി കണ്ടെത്താൻ കഴിഞ്ഞ ഏറ്റവും പ്രധാനകാര്യം കുടിയേറ്റ തൊഴിലാളികളുടെ അത്യന്തം പരിതാപകരവും വൃത്തിഹീനവുമായ താമസ സൗകര്യത്തെ സംബന്ധിച്ചാണ്.

ഈ പഠനത്തിന്റെ ഭാഗമായി വിശദമായ സർവ്വേകളും നടത്തുകയുണ്ടായി. ഇതിൽ നിന്നും ബോധ്യമായിട്ടുള്ളത് വടക്കേ ഇന്ത്യൻ - വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം നമ്മൾ പ്രതീക്ഷിച്ചതിലും വളരെ കൂടുതലാണ് എന്നുള്ളതാണ്. ഇവർ കേരളത്തിന്റെ സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങൾക്ക് ഒരു തരത്തിലുമുള്ള ഭീഷണിയല്ല എന്നുള്ള യാഥാർത്ഥ്യവും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന തൊഴിൽ വിഭാഗം എന്ന നിലയിൽ ഇവരെ സംരക്ഷിക്കേണ്ടതും അവർക്ക് വാസയോഗ്യമായ താമസ സൗകര്യങ്ങളും വൃത്തിയുള്ള സാഹചര്യങ്ങളും ഉറപ്പാക്കേണ്ടതും നമ്മുടെ കർത്തവ്യമാണ് എന്ന നിലയ്ക്ക് കണ്ടുകൊണ്ട് അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്.

*****